# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.864 — 25.01.2018-ൽ മറുപടിയ്ക്ക്

**നാടക പഠന ഗവേഷണ കേന്ദ്രം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാജേഷ് | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര എ.ആർ.സ്മാരകം, നരേന്ദ്രപ്രസാദ് സ്മാരക നാടക പഠന ഗവേഷണ കേന്ദ്രം എന്നിവയുടെ വിപുലീകരണത്തിനായി സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മാവേലിക്കര എ.ആർ.സ്മാരകത്തിന് പ്രഖ്യാപിച്ച 25 ലക്ഷം രൂപ ടി സ്മാരകത്തിന് ഭാഷാ പഠന കേന്ദ്രം ആരംഭിക്കുന്നതിന് അനുവദിക്കുകയുണ്ടായി. കൂടാതെ സ്മാരകത്തിന് ആവർത്തന/വാർഷിക ഗ്രാന്റായി 1 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.<br>ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിൽ പ്രവർത്തിക്കുന്ന നരേന്ദ്രപ്രസാദ് സ്മാരക നാടക പഠന ഗവേഷണ കേന്ദ്രത്തിന് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപ സ്ഥാപനത്തിന്റെ റിഹേഴ്സൽ ഷെഡിന്റെ പണി പൂർത്തീകരണത്തിനും ലൈബ്രറി നവീകരണത്തിനുമായി അനുവദിച്ചിട്ടുണ്ട്. ടി കേന്ദ്രത്തിന്റെ വിപുലീകരണം ഉൾപ്പെടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സെക്രട്ടറി സർക്കാരിൽ സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) നൂറനാടിനെ നന്ദികേശ ശില്പ പൈതൃക ഗ്രാമമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) നൂറനാട് പടനിലം, നന്ദികേശ ശില്പ പൈതൃക ഗ്രാമമായി അംഗീകരിക്കുന്നതിന് പുരാവസ്തു വകുപ്പ് ഡയറക്ടറുമായി ബന്ധപ്പെട്ട് വ്യക്തമായ മാനദണ്ഡങ്ങളോടെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാൻ, കേരള ലളിതകലാ അക്കാദമിയോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് വിദഗ്ധമായ പഠനം ആവശ്യമുള്ളതിനാൽ ടി അക്കാദമിയുടെ അടുത്ത നിർവ്വാഹക സമിതി യോഗത്തിൽ ചർച്ച ചെയ്ത് ഒരു വിദഗ്ധനെ നിശ്ചയിച്ച് പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതാണെന്ന് കേരള ലളിതകലാ അക്കാദമി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ